**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ? | (എ) | 1.ഈരാറ്റുപേട്ട- വാഗമൺ റോഡ് പുനരദ്ധാരണം<br><br>ഈരാറ്റുപേട്ട - വാഗമൺ റോഡ് വികസനത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട, തീക്കോയി വില്ലേജുകളിലും, ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ ഉൾപെടുന്ന 1.8760 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് RICK മാനേജിംഗ് ഡയറക്ടർ അർത്ഥന സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 06.05.2018 ലെ സ.ഉ.(സാധാ)നം.801/2018/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിയും, 26.10.2022-ലെ സ.ഉ.(സാധാ)നം.4317/2022/റവ & 07/01/2023 ലെ സ.ഉ.(സാധാ)നം.133/2023/റവ നമ്പർ ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായി സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ട്.<br><br>2.മാർമല ചെറുകിട ജലവൈദ്യുത പദ്ധതി<br><br>മാർമല ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് മാർമല ചെറുകിട ജല വൈദ്യുത പ്രോജക്ട് മാനേജർ റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട്. മാർമല ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും, 0.5236 ഹെക്ടർ പട്ടയ രഹിത ഭൂമിയും ഉൾപ്പെടെ 6.43 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 11(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർവ്വെ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | BVR, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതുമാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായുള്ള പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 28/02/2024 മുതൽ 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br><u>3.ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം</u><br><br>കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4 എന്നിവയിൽപ്പെട്ട 0.0973 ഹെക്ടർ സ്ഥലം ഇടക്കുന്നം വില്ലേജിൽ മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ് വികസനത്തിനായി പൊന്നുവിലയ്ക്ക് ഏറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.വി.ആർ, ഡി.വി.എസ് അംഗീകരിച്ചിട്ടുണ്ട്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br><br>4.<u>പിണ്ണാക്കനാട് 33 കെ വി സബ് സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ്</u><br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിണ്ണാക്കനാട് 33 കെ വി സബ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി മീനച്ചിൽ താലൂക്കിൽ, കൊണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 43-ൽ സർവ്വെ നമ്പർ 282/9-3-ൽ ഉൾപ്പെട്ട 21 സെന്റ് ഭൂമി LARR Act പ്രകാരം ഏറ്റെടുക്കുന്നതിലേക്കായി ഊർജ്ജ വകുപ്പിൽ നിന്നും 25/09/2023-ലെ സ.ഉ.(സാധാ)നം. 168/2023/ഊ.വ പ്രകാരം ഭരണാനുമതി ഉത്തരവും, 04/10/2023-ലെ സ.ഉ.(സാധാ)നം.3525/2023/റവ പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 14.03.2024 ൽ അർത്ഥനാധികാരിയും പൊന്നുംവില ഓഫീസറും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. അർത്ഥനാധികാരിയിൽ നിന്നും കണ്ടിജൻസി ചാർജ് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ